വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

18-12-2020

അടിസ്ഥാന പാഠാവലി- X

പത്രനീതി - 02

- മുൻ ക്ലാസിൽ വിനിമയം ചെയ്ത ആശയങ്ങളും നൽകിയ തുടർപ്രവർത്തനങ്ങളും ഓർമ്മപ്പെടുത്തി.
- സുകുമാർ അഴീക്കോടിന്റെ നവയാത്രകൾ എന്ന ലേഖന സമാഹാരത്തിലെ 'പത്രങ്ങൾ ഏത് പക്ഷത്ത്' എന്ന ലേഖനത്തിൽ നിന്നും എടുത്തതാണ് പാഠഭാഗം എന്ന് ചൂണ്ടിക്കാട്ടി.
- പാഠഭാഗത്തെ ആശങ്ങൾ വിശദീകരിച്ചു.

■ പത്രങ്ങളെ പറ്റി ആളുകൾ പൊതുവെ നല്ലതേ പറയാറുള്ളൂ.
വിജ്ഞാനം, വിനോദം, വിവരങ്ങൾ , വാർത്തകൾ ഇവ പത്രങ്ങളിലൂടെ ലഭിക്കുന്നു.

■ വലിയ പ്രതിദിന പത്രങ്ങളെ കുറിച്ചാണ് ലേഖനത്തിൽ ചർച്ച ചെയ്യുന്നത്.
മുഖ്യധാരാ പത്രങ്ങളെ കുറച്ചാണ് ലേഖനത്തിൽ പരാമർശിക്കുന്നത്.
മറ്റുള്ളവയെ സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ.

■ പത്രങ്ങൾ ലോകത്തെ നമ്മുടെ മടിയിൽ എത്തിക്കുന്നു. നമ്മുടെ അകത്തളത്തിലുള്ള വാർത്തകളെ പുറം ലോകത്തും എത്തിക്കുന്നു.

■ പത്രത്തെ എതിർക്കേണ്ടി വന്നാൽ ആ എതിർപ്പിനു പോലും പ്രചാരം ലഭിക്കാൻ പത്രങ്ങളെ തന്നെ ആശ്രയിക്കേണ്ടി വരും.
30 വർഷങ്ങൾക്ക് മുമ്പാണ് ലേഖനം എഴുതപ്പെടുന്നത്. അക്കാലത്ത് പത്രങ്ങളേ ഉള്ളൂ. എന്നാൽ ഇന്ന് വിമർശനങ്ങൾ പ്രകടിപ്പിക്കാൻ മറ്റ് മാധ്യമങ്ങൾ ലഭ്യമാണ് (ദൃശ്യമാധ്യമങ്ങൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ).
അന്ന് പത്രത്തിലൂടെ മാത്രമേ പത്രത്തെ തന്നെയും വിമർശിക്കാൻ കഴിയൂ. ഇതൊരു വിരോധാഭാസമാണ്.

■ പത്രങ്ങൾ ലോകത്തുള്ള സകല കാര്യങ്ങളേയും വിമർശിക്കുന്നു. എന്നാൽ തിരിച്ച് പത്രങ്ങൾ അത്രത്തോളം വിമർശിക്കപ്പെടുന്നില്ല.

■ സ്വേച്ഛാധിപതികൾ പോലും പത്രത്തെ ഭയപ്പെടുന്നു. അതിനാൽ അവർ പത്രങ്ങളെ നിരോധിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു.
ഭരണകൂടത്തെ വിമർശിച്ചു കൊണ്ടുള്ള വാർത്തകൾ പത്രങ്ങൾ നൽകുന്നു.
സർക്കാറിന്റെ തെറ്റുകളെ പൊതുജനങ്ങൾക്ക് മുന്നിൽ ചൂണ്ടിക്കാട്ടുന്നു.
പത്രവാർത്തകൾ ആളുകളിൽ ഭരണകൂടത്തിനെതിരെയുള്ള വികാരമുണ്ടാക്കുന്നു.
അപ്പോൾ പത്രങ്ങൾക്കെതിരെ സർക്കാർ നടപടികൾ കൈക്കൊള്ളുന്നു.

■ചില ഉദാഹരണങ്ങൾ -

1867 ൽ സന്ദിഷ്ടവാദി എന്ന പത്രത്തെ തിരുവിതാംകൂർ സർക്കാർ നിരോധിച്ചു.
1910 ൽ സ്വദേശാഭിമാനി പത്രം കണ്ടുകെട്ടുകയും പത്രാധിപരായ
കെ രാമകൃഷ്ണപിള്ളയ നാടുകടത്തുകയും ചെയ്തു.
പുതിയ കാലത്ത് പോലും ചില വാർത്താ ചാനലുകൾ അല്പ ദിവസത്തേക്ക്
നിരോധിച്ച സംഭവങ്ങൾ ഉണ്ടായി.

■ നൂറ് ബയണറ്റുകളേക്കാൾ നാല് പത്രങ്ങളെയാണ് ഞാൻ ഭയപ്പെടുന്നത് - എന്ന്
പറഞ്ഞയാളാണ് നെപ്പോളിയൻ ബോണോപാർട്ട് ചക്രവർത്തി.
പത്രങ്ങളുടെ സ്വാധീന ശക്തിയെ ചക്രവർത്തിമാർ പോലും ഭയപ്പെട്ടിരുന്നു.
ബയണറ്റ് - അറ്റത്ത് മൂർച്ചയുള്ള കത്തി ഘടിപ്പിച്ച തോക്ക്.

- പത്രങ്ങളെ പറ്റി പറഞ്ഞ വാഴ്ത്തുവാക്കുകൾ വിശദീകരിച്ചു.

■ ജനാധിപത്യത്തിലെ നാലാമത്തെ തൂണാണ് പത്രങ്ങൾ
(ഫോർത്ത് എസ്റ്റേറ്റ് )
- തോമസ് കാർലൈൻ -1787 -

- ജനാധിപത്യത്തിലെ നാല് തൂണുകൾ:

എക്സിക്യൂട്ടീവ് - കാര്യനിർവഹണ വിഭാഗം
ലജിസ്ലേറ്റർ - നിയമ നിർമ്മാണ വിഭാഗം
ജുഡീഷ്യറി - നീതിന്യായ വിഭാഗം
മീഡിയ - മാധ്യമങ്ങൾ

- ഭരണത്തിനും ജനങ്ങൾക്കും ഇടയിലുള്ള പാലമാണ് മാധ്യമങ്ങൾ. അവ ഭരണത്തെ സുതാര്യമാക്കാൻ പ്രേരിപ്പിക്കുന്നു.
- വാർത്താ ചാനലുകളെ കുറിച്ച് വാർത്താ അവതാരകനായ ശ്രീ. അഭിലാഷ് മോഹൻ സംസാരിക്കുന്ന വീഡിയോ കാണിച്ചു.

■ പത്രങ്ങളെ അപേക്ഷിച്ച് പുതിയ മാധ്യമമാണ് ടെലിവിഷൻ
■ മലയാളത്തിലെ സ്വകാര്യ ചാനലുകളുടെ ചരിത്രത്തിന് ചെറിയ പഴക്കമേ ഉള്ളൂ
■ 2003 ൽ ആണ് മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ വാർത്താ ചാനൽ ,
ഏഷ്യാനെറ്റ് ആരംഭിക്കുന്നത്
■ ടെലിവിഷൻ അപ്പപ്പോൾ തന്നെ, വാർത്തകൾ പ്രേക്ഷകരിൽ എത്തിക്കുമ്പോൾ
പത്രങ്ങൾ ഒരു ദിവസത്ത വാർത്ത പിറ്റേന്നാണ് വായനക്കാരിൽ എത്തിക്കുന്നത്
■ വാർത്താ ചാനലുകൾ വന്നതോടെ വാർത്തകളുടെ വിതരണം ചടുലവും
വേഗതയാർന്നതുമായി.
■ വാർത്താ മൂല്യമുള്ള സംഭവങ്ങൾ മാത്രമാണ് വാർത്തയാകുന്നത്.
■ ആളുകളെ ആകർഷിക്കുന്നതും , സമൂഹത്തിന്റെ ശ്രദ്ധ ആവശ്യപ്പെടുന്നതും ,
പുതുമയുള്ളതുമായ സംഭവങ്ങളും വിവരങ്ങളുമാണ് വാർത്തയിൽ ഇടം പിടിക്കുന്നത്.

- നവമാധ്യമങ്ങൾ - സോഷ്യൽ മീഡിയ - ഇന്ന് ഫിഫ്ത് എസ്റ്റേറ്റ് എന്നറിയപ്പെടുന്നു. വാട്സ് ആപ്, ഫേയ്സ് ബുക്ക്, യൂട്യൂബ്, ട്വിറ്റർ തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളും ഇന്ന് വാർത്തകൾ ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

  ■ തനിക്ക് ആകെയുള്ള അറിവ് പത്രങ്ങളിൽ നിന്നും ലഭിച്ചതാണ് എന്ന് ഒരു ചിന്തകൻ പറഞ്ഞിട്ടുണ്ട്.
- പത്രങ്ങളെ കുറിച്ച് തോമസ് ജഫേഴ്സൺ (അമേരിക്കയുടെ മൂന്നാമത്തെ പ്രസിഡന്റ്) പറഞ്ഞ പ്രശംസാ വാക്യങ്ങൾ വിശദീകരിച്ചു.

  പത്രമില്ലാത്ത ഭരണത്തേക്കാൾ താൻ അഭിലഷിക്കുക ഭരണമില്ലാത്ത പത്രമുള്ള അവസ്ഥയെയാണ്.

  ഒരു രാജ്യത്ത് ഭരണകൂടമില്ലെങ്കിലും നല്ല നാല് പത്രങ്ങൾ ഉണ്ടെങ്കിൽ അവിടെ അരാജകത്വവും അഴിമതിയും ഉണ്ടാകില്ല. പത്രങ്ങൾക്കു തന്നെ രാജ്യത്തെ മുന്നോട്ട് നയിക്കാനാകും.

  ■ പത്രമുണ്ടായാൽ എല്ലാമായി എന്നത് മാത്രമല്ല ഈ പ്രശംസയുടെ അർത്ഥം. പ്രശംസിക്കേണ്ട പത്രം ഏതാണ് എന്ന നിർവചനവും പത്രങ്ങൾക്കുള്ള ഒരു താക്കീതും കൂടിയാണിത്.

  ഏത് അരാജകമായ അവസ്ഥയിലും പത്രങ്ങൾ ന്യായവും നീതിയും കൈവിടരുത്.
- ഇന്നത്തെ പത്രങ്ങളുടെ ചില രീതികൾ ചൂണ്ടിക്കാട്ടി.
- വാർത്തയ്ക്കും വിവരങ്ങൾക്കും അപ്പുറം പത്രങ്ങൾ വിനോദങ്ങൾ കൂടി അവസരമൊരുക്കുന്നു. പരസ്യങ്ങൾ വർദ്ധിച്ചു
- ഉള്ളടക്കത്തിലും സങ്കേതങ്ങളിലും ആളുകളെ ആകർഷിക്കും വിധമുള്ള മാറ്റങ്ങൾ ഉണ്ടായി
- സ്ഥാപനങ്ങൾ, വ്യക്തികൾ, രാഷ്ട്രീയ പാർട്ടികൾ , സാമുദായിക സംഘടനകൾ ഇവരൊക്കെ അച്ചടിച്ചിറക്കുന്ന പത്രങ്ങൾ ഇന്നുണ്ട്.
- സ്വകാര്യ താത്പര്യങ്ങൾക്കപ്പുറം നിഷ്പക്ഷമായി വാർത്തകൾ ശേഖരിക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും വേണം.
- മാധ്യമങ്ങളെ ശബ്ദിക്കാത്തവരുടെ ശബ്ദം എന്ന് വിശേഷിപ്പിക്കപ്പെടുന്നു.

  ക്ലാസിൽ ചർച്ച ചെയ്ത കാര്യങ്ങൾ ക്രോഡീകരിച്ച് പറഞ്ഞു.

  തുടർ പ്രവർത്തനങ്ങൾ :

  1. വാർത്താ ചാനലുകൾ നിങ്ങളുടെ പത്രവായനയെ എങ്ങനെ സ്വാധീനിക്കുന്നു. വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

  2. സമൂഹത്തിന് ദിശാബോധം നൽകുന്നതിനും ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും പത്രങ്ങൾ നിർണായകമായ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു.

ഈ വാദം സമർത്ഥിക്കാനാവശ്യമായ ഏതെങ്കിലും പത്രവാർത്തയോ ലേഖനമോ മുഖപ്രസംഗമോ അപഗ്രഥിച്ച് കുറിപ്പ് തയ്യാറാക്കുക.

നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം